(സി) ഇല്ല.

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുണ്ട്.

(ഇ) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി-ജില്ലാ കളക്ടർ മറ്റു വിവിധ ഡിപ്പാർട്ട്മെന്റ് ജില്ലാ ഓഫീസർമാർ, പട്ടികജാതി പട്ടികവർഗ്ഗ എം.എൽ.എ.മാർ, പട്ടികജാതി/പട്ടികവർഗ്ഗ സാമൂഹ്യപ്രവർത്തകർ എന്നിവർ ഉൾപ്പെട്ട ജില്ലാ വികസന സമിതികൾ ഇതിനായി രൂപീകരിച്ചിട്ടുണ്ട്.

(എഫ്)ഉണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ചു നടപ്പാക്കി വരുന്നു.

റോഡ് ഡെവലപ്മെന്റ് കോർപ്പറേഷന് മൂലധന സംഭരണം

8 (*187)ശ്രീ. എം. മുരളി :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതുതരം പാലങ്ങളുടെയും റോഡുകളുടെയും വികസനമാണ് റോഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലക്ഷ്യമിട്ടിട്ടുള്ളത്;

(ബി) കോർപ്പറേഷൻ ഫൈനാൻസ് ചെയ്ത് പണി ചെയ്യുന്ന റോഡു കളുടെയും പാലങ്ങളുടെയും മുടക്കുമുതൽ ഈടാക്കാൻ സെസ് പിരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾ വഹിക്കാനുള്ള റിസോഴ്സ് എന്താണെന്ന് വിശദമാക്കുമോ;

(ഡി) സർക്കാരിന് വാഹന ടാക്സ് അടയ്ക്കുന്ന ഉടമകൾ റോഡ് ടാക്സും പാലത്തിനുള്ള ടോളും, പാർക്കിംഗ് ഫീസും ഓരോ ദിവസവും നൽകേണ്ടിവരുന്ന സ്ഥിതി വിശേഷം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)-(സി) സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും സമ ഗ്രവികസനം ലക്ഷ്യമാക്കി ഒരു റോഡ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കോർപ്പറേഷനെ ഉടൻ തന്നെ പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ത്വരിതഗതി യിൽ പുരോഗമിക്കുന്നുണ്ട്. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ ഏജൻസികളിൽ നിന്നും പണം സ്വരൂപിച്ച് കൂടുതൽ റോഡുകളുടെയും പാല ങ്ങളുടെയും പണികൾ ഏറ്റെടുക്കാനാണ് കോർപ്പറേഷന്റെ രൂപീകരണം കൊണ്ടുദ്ദേശിക്കുന്നത്. ഇങ്ങനെ ധനസമാഹരണം നടത്തുമ്പോൾ അത് തിരി ച്ചടയ്ക്കേണ്ട മാർഗ്ഗങ്ങൾകൂടി ആരായേണ്ടതുണ്ട്. ടോൾപിരിവ് വരുമാന സ്വരൂ പണത്തിന്റെ ഒരു മാർഗ്ഗം മാത്രമാണ്. റോഡു വികസനത്തിന് സമർപ്പിതമായ നികുതി പിരിയ്ക്കലിനും വർദ്ധിച്ച തോതിൽ റോഡു സംബന്ധമായ വരു മാനം കണ്ടെത്തുന്നതിനുമുള്ള സാധ്യതകൾ ഗവണ്മെന്റ് ആരാഞ്ഞു കൊണ്ടി രിക്കുകയാണ്. നിർദ്ദിഷ്ട കോർപ്പറേഷന്റെ ധനസഹായർത്ഥം 1999-2000 ആണ്ടത്തെ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി ബഡ്ജറ്റിൽ 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ബോണ്ടുകൾ, കടപ്പത്രങ്ങൾ, വിനിമയ പത്രങ്ങൾ, വാഗ്ദാന

LIBRARY ARCHIVES Kerala Legislative Assembly

പത്രങ്ങൾ മുതലായവയിൽകൂടി പണം സമാഹരിക്കാനും വായ്പ നിക്ഷേപ മായി പണം സ്വീകരിക്കാനും കോർപ്പറേഷന് ഉദ്ദേശമുണ്ട്.

(ഡി) വാഹന ഉടമകൾ വാഹനടാക്സും ടോളും റോഡ് ടാക്സും, പാർക്കിംഗ് ഫീസും നൽകേണ്ടതുണ്ട്.

പ്രൈമറി സ്കൂളുകളിൽ ബി.എഡ്. കാരുടെ നിയമനം

9 (*188)ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സ്കൂളുകളിൽ ബി.എഡ്.കാരെ നിയമിക്കുന്നത് സംബന്ധിച്ച ഗവണ്മെന്റ് നയം വ്യക്തമാക്കാത്തതുന്നതുമൂലം പി.എസ്.സി. മുഖേനയുള്ള അദ്ധ്യാപക നിയമനം സ്തംഭനത്തിലായിട്ടുള്ള വിവരം ഗവ ണ്മെന്റിനറിവുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ വ്യക്തമായ തീരുമാനം അറിയി ക്കണമെന്ന് പി.എസ്.സി. ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് കോടതിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) നിയമനത്തിലെ തടസ്സം ഒഴിവാക്കാൻ നിയമഭേദഗതി ആവശ്യ മുണ്ടെന്ന് ഗവണ്മെന്റ് കരുതുന്നുണ്ടോ;

(ഇ) പി.എസ്.സി. മുഖേനയുള്ള നിയമനം തടസ്സപ്പെട്ടിട്ടുള്ളതുമൂലം പല സ്കൂളുകളിലും സ്ഥിരം അദ്ധ്യാപകരുടെ കുറവുള്ള കാര്യം ഗവണ്മെന്റിന റിവുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഗവണ്മെന്റ് നയം വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ സ്തംഭനാവ സ്ഥയില്ല.

(ബി)&(സി) ഗവണ്മെന്റ് തീരുമാനം പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്. ഒ.പി. 19187/98 എന്ന കേസ്സിൽ പത്തനംതിട്ട ജില്ലയിൽ ഗസറ്റിൽ പ്രസിദ്ധീക രിച്ച യോഗ്യതയേക്കാൾ കൂടുതൽ യോഗ്യതയുള്ള അദ്ധ്യാപകരെ പ്രൈമറി ടീച്ചർ നിയമനത്തിന് പബ്ലിക് സർവീസ് കമ്മീഷൻ പരിഗണിക്കുകയും നിയ മനത്തിന് ശുപാർശ ചെയ്യുകയും നിയമനം നടത്തുകയും ചെയ്ത നടപടി അസാധുവാക്കി വിധിച്ചിട്ടുണ്ട്. പ്രസ്തുത കോടതിവിധിയ്ക്കെതിരെ സംസ്ഥാന ഗവണ്മെന്റ് ഫയൽ ചെയ്ത റിട്ട് അപ്പീൽ 744/99-ൽ ടി വിധി ന്യായം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(ഡി) ഉണ്ട്.

(ഇ) ഇപ്പോൾ തടസ്സം നീക്കിയിട്ടുണ്ട്. തസ്തികകൾ നികത്തി വരിക യാണ്.

LIBRARY ARCHIVES Kerala Legislative Assembly